# കേരള സർവകലാശാല

നം.പി.ആർ.191/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷകൾ മാറ്റിവച്ചു

പരീക്ഷാകേന്ദ്രങ്ങളിൽ ദുരിതാശ്വാസ ക്യാമ്പ് പ്രവർത്തിക്കുന്നതിനാൽ ആഗസ്റ്റ് 30, സെപ്റ്റംബർ 1 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ ബിരുദാനന്തര ബിരുദ പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 14, 17 തീയതികളിലേക്ക് മാറ്റിയിരിക്കുന്നു. പരീക്ഷാകേന്ദ്രങ്ങൾക്കോ മറ്റ് പരീക്ഷകൾക്കോ മാറ്റമില്ല.

### പരീക്ഷാഫലം

2018 ഏപ്രിലിൽ നടത്തിയ ബാച്ചിലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) എട്ടാം സെമസ്റ്റർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### തീയതി നീട്ടി

സർവകലാശാല ടീച്ചർ എഡ്യൂക്കേഷൻ സെന്ററുകളിൽ കരാർ വ്യവസ്ഥയിൽ പ്രിൻസിപ്പൽ തസ്തികയിലേയ്ക്ക് ആഗസ്റ്റ് 9 ന് അപേക്ഷ ക്ഷണിച്ചിരുന്നു. പ്രസ്തുത തസ്തികയിലേയ്ക്ക് അപേക്ഷ അയയ്ക്കേണ്ട അവസാന തീയതി സെപ്റ്റംബർ 22 വരെ നീട്ടിയിരിക്കുന്നു.

സി.ബി.സി.എസ്.എസ്/കരിയർ റിലേറ്റഡ് ബിരുദ കോഴ്സുകളുടെ മൂന്നാം സെമസ്റ്റർ പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിന് അപേക്ഷിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 7 വരെ നീട്ടിയിരിക്കുന്നു.

### എം.എസ്.ഡബ്ല്യൂ പ്രവേശനം തിരുത്തലിന് അവസരം

സർവകലാശാലയുടെ യു.ഐ.റ്റി സെന്ററുകളിലെ എം.എസ്.ഡബ്ല്യൂ കോഴ്സ് 2018-19 നുള്ള പ്രവേശന പരീക്ഷ, ഗ്രൂപ്പ് ഡിസ്കഷൻ, അഭിമുഖം എന്നിവയിൽ പങ്കെടുത്ത അപേക്ഷകർ യോഗ്യതാ പരീക്ഷയുടെ (ഡിഗ്രി) മാർക്കുഷീറ്റുകൾ അസൽ പകർപ്പ് സഹിതം അതാത് സെന്ററുകളിലെ പ്രിൻസിപ്പാൾമാർക്ക് ആഗസ്റ്റ് 31 ന് മുൻപ് ഹാജരാക്കേണ്ടതാണ്. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് ഹാജരാക്കേണ്ടതാണ്.

അഡ്മിഷൻ ടെസ്റ്റ് എഴുതി ഓൺലൈൻ അപേക്ഷയുടേയും അനുബന്ധരേഖകളുടേയും പകർപ്പുകൾ സമർപ്പിക്കാത്തവർ സെപ്റ്റംബർ 3 നകം അവ സമർപ്പിച്ചില്ലെങ്കിൽ പ്രസ്തുത അപേക്ഷകരെ അഡ്മിഷനായി പരിഗണിക്കുന്നതല്ല.

## പി.ജി ഓൺലൈൻ രജിസ്ട്രേഷൻ അവസാന തീയതി സെപ്റ്റംബർ 07 വരെ ദീർഘിപ്പിച്ചിരിക്കുന്നു

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ/സെന്ററുകൾ എന്നിവിടങ്ങളിലെ ഒന്നാം വർഷ ബിരുദ ബിരുദാനന്തര പ്രവേശനത്തിനുള്ള (2018–19) ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 7 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

## സി.എൽ.ഐ.എസ്.സി/ഡി.സി.എ പ്രവേശനം

സർവകലാശാലയുടെ തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ അംഗീകാരത്തോടെ ശാസ്താംകോട്ട ഡി.ബി കോളേജിൽ സെപ്റ്റംബർ മുതൽ ആരംഭിക്കുന്ന പി.എസ്.സി അംഗീകരിച്ചിട്ടുള്ള (ആറു മാസം) സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.സി) കോഴ്സിനും, സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് (ഡി.സി.എ) കോഴ്സിനും ഉള്ള അപേക്ഷാഫോറം ആഗസ്റ്റ് 31 വരെ കോളേജ് ആഫീസിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 0476 2830323, 9446475975 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. യോഗ്യത: പ്ലസ്ടു/പ്രീഡിഗ്രി ജയിച്ചിരിക്കണം. പ്രായപരിധി ഇല്ല. ക്ലാസ്: ശനി, ഞായർ, അവധി ദിവസങ്ങളിൽ. മറ്റ് കോഴ്സുകൾ ചെയ്യുന്നവർക്കും ജോലിയുള്ളവർക്കും അപേക്ഷിക്കാം.

## നാഷണൽ കോൺഫറൻസ്

അറബിക് വിഭാഗം ഒക്ടോബർ 16, 17 തീയതികളിൽ 'അറബിക് ലിറ്ററേച്ചർ ഇൻ ഫലസ്റ്റീൻ' എന്ന വിഷയത്തെ അധികരിച്ച് നാഷണൽ കോൺഫറൻസ് നടത്തുന്നു. റിസർച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ താല്പര്യമുള്ളവർ സെപ്റ്റംബർ 5 ന് മുമ്പായി സംക്ഷിപ്തം deptofarabickvtm@gmail.com എന്ന വിലാസത്തിൽ അയയ്ക്കുക. വിശദവിവരങ്ങൾക്ക് ഫോൺ നമ്പർ: 9562722485

## കേരള സർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം 2018 സാൻതോം മലങ്കര ആർട്സ് ആന്റ് സയൻസ് കോളേജ്, ഇടഞ്ഞി, പാറശ്ശാല (എയ്ഡഡ്) പുതിയ കോളേജിലേയ്ക്ക് പ്രവേശനം 29.08.2018–ന്

കേരള സർവകലാശാല പുതുതായി അഫിലിയേഷൻ നൽകിയ എയ്ഡഡ് കോളേജായ പാറശ്ശാല, ഇടഞ്ഞി സാൻതോം മലങ്കര ആർട്സ് ആന്റ് സയൻസ് കോളേജിലെ ബി.എസ്.സി. കെമിസ്ട്രി, ബി.എ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, ബി.കോം ഫിനാൻസ് എന്നീ കോഴ്സു കളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആഗസ്റ്റ് 29–ാം തീയതി രാവിലെ 9.00 മണിയ്ക്ക് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം കോളേജിൽ ഹാജരാകേണ്ടതാണ്. . രാവിലെ 11 മണി വരെ ഹാജരാകുന്നവരെ മാത്രമേ പ്രവേശനത്തിന് പരിഗണിക്കുകയുള്ളു.

നിലവിൽ മറ്റ് ഏതെങ്കിലും കോളേജിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾ സ്പോട്ട് അഡ്മിഷനിൽ സീറ്റ് ഉറപ്പായ ശേഷം മാത്രമേ ടി.സി. വാങ്ങാൻ പാടുള്ളൂ.

എസ്.സി/എസ്.ടി സംവരണ സീറ്റുകളിൽ പരിഗണിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ ജാതി തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതാണ്. എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് 840/– രൂപയും ജനറൽ, മറ്റു സംവരണ വിഭാഗത്തിന് 1525/– രൂപയുമാണ് സർവകലാശാല ഫീസ്

പുതുതായി രജിസ്റ്റർ ചെയ്യുന്നവർ രജിസ്ട്രേഷൻ ഫീസായ 350/- രൂപ (എസ്.സി/എസ്.ടി വിഭാഗം 150/- രൂപ) അടയ്ക്കണം.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
23.08.2018

പബ്ലിക് റിലേഷൻസ് ഓഫീസർ


e-mail: ku.release@gmail.com website: www.keralauniversity.ac.in


University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098